LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ലളിതകലാ അക്കാഡമിയിൽ ദിവസവേതനത്തിൽ ജോലി ചെയ്തു വരുന്ന 14 (പതിനാല്) പേരെ തസ്തിക സൃഷ്ടിച്ചു സ്ഥിരപ്പെടുത്തണമെന്ന് അക്കാഡമി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിക്കപ്പെട്ടവർ ആരുമില്ല.

(ഇ) അക്കാഡമിയിൽ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തിക ഇല്ല. ശ്രീമതി സിന്ധു. ഡി-യെ പി.ആർ.ഒ. ആയി കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(എഫ്) പി.ആർ.ഒ. യെ 2-8-2010 മുതൽ പ്രതിമാസം 12,500 രൂപ പ്രതിഫലത്തിലാണ് നിയമിച്ചത്.

ഫിലിം ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

107 (2119) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കുമ്പോഴുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഇപ്പോഴത്തെ അതിന്റെ പ്രവർത്തനം. ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായാണോ നടക്കുന്നത് എന്നതിനെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ ;

(സി) കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള കാലാനുസൃത പരിഷ്കരണത്തിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(ഡി) കോർപ്പറേഷൻ നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ;

(ഇ) അതിനുശേഷം പി.എസ്.സി. മുഖേനയല്ലാതെ നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ചു വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ചലച്ചിത്ര-ടെലിവിഷൻ മേഖലയുടെ വികസനത്തിനായി അവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാകുന്നതിനുള്ള സ്റ്റുഡിയോകൾ, ശബ്ദലേഖനം, പാട്ടുകളുടെ റിക്കോർഡിംഗ്, റീ-റിക്കാർഡിംഗ്, മിക്സിംഗ് സ്റ്റുഡിയോകൾ സ്ഥാപിക്കുക, ചലച്ചിത്ര നിർമ്മാണം, ടെലിവിഷൻ പരിപാടികളുടെ നിർമ്മാണം എന്നിവ നടത്തുന്നതിനുള്ള സൗകര്യങ്ങൾ നൽകുക, ചലച്ചിത്ര നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സബ്സിഡി നൽകുക, നല്ല ചിത്രങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ ചലച്ചിത്രമേളകൾ സംഘടിപ്പിക്കുക, ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ഉണ്ട്. അതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. *

(സി) കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഔട്ട് ഡോർ വിഭാഗത്തിൽ പുതിയ പാർലൈറ്റുകൾ, കിനോഫ്ളോ ലൈറ്റുകൾ വാങ്ങി, ഷൂട്ടിംഗിനായി DSR 400 വീഡിയോ ക്യാമറ ലഭ്യമാക്കി, റിക്കോർഡിംഗ് തിയേറ്ററിൽ ഡി.ടി.എസ്. ശബ്ദ മിശ്രണ സംവിധാനം പ്രവർത്തിച്ചുതുടങ്ങി എഡിറ്റിംഗ് വിഭാഗത്തിൽ ഡിജിറ്റൽ എഡിറ്റിംഗിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി, ലാബിൽ കളർ അനലൈസർ, ഇലക്ട്രോണിക്സ് ലൈറ്റ് വാൽവ് എന്നിവ സ്ഥാപിച്ചു, കോർപ്പറേഷന്റെ കീഴിലുള്ള സിനിമ തിയേറ്ററുകളിൽ ഡി.ടി.എസ്. ക്യൂബ് ഡിജിറ്റൽ സംവിധാനം സ്ഥാപിച്ചു കഴിഞ്ഞു.

(ഡി) 17-1-1979 മുതൽ

(ഇ) ഉണ്ട്. പി.എസ്.സി. മുഖേനയല്ലാതെ നിയമനം നടത്തിയവരിൽ ഇപ്പോൾ കോർപ്പറേഷൻ സർവ്വീസിൽ 106 ജീവനക്കാർ ഉണ്ട്.

കേന്ദ്ര ലളിതകലാ അക്കാദമിയുടെ സെയിൽസ് കൗണ്ടർ കൊള്ളയടിച്ചെന്ന ആരോപണം

108 (2120) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലളിതകലാ അക്കാദമിയുടെ എറണാകുളം ഗ്യാലറിയോടു ചേർന്നു പ്രവർത്തിച്ചിരുന്ന കേന്ദ്ര ലളിതകലാ അക്കാഡമിയുടെ സെയിൽസ് കൗണ്ടർ കേരള ലളിതകലാ അക്കാഡമി സെക്രട്ടറിയുടെ നേതൃത്വത്തിൽ പൂട്ടുതകർത്ത് കൊള്ളയടിച്ചു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കൗണ്ടർ ഒഴിപ്പിച്ചെടുക്കാനായി ഏതെങ്കിലും നിയമവഴികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നോ ; കോടതിയുടേയോ പോലീസിന്റേയോ സഹായം തേടിയിട്ടുണ്ടായിരുന്നോ ;

(സി) സഹായം തേടിയിട്ടുണ്ടെങ്കിൽ പെറ്റീഷനുകളുടെ പകർപ്പും നമ്പരുകളും ലഭ്യമാക്കുമോ ;

(ഡി) ഈ ആരോപണങ്ങളെക്കുറിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly